ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തിക കളിലെ ഒഴിവുകൾ

138. [905] ശ്രീ. കെ.പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) കോഴിക്കോട് ജില്ലയിൽ ഈ വർഷം എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 18 ഒഴിവുകൾ ഉണ്ട്.

തിരുവനന്തപുരം	-	10
കോട്ടയം	-	3
ഇടുക്കി	-	5

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ വേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 42 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.

രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് തെരഞ്ഞെടുത്ത ആശുപത്രികൾ

139. [906] ശ്രീ. കെ.പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്തെ എത്ര ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് ;

(ബി) ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും കുറവു മൂലം എത്ര ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാതെ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഉണ്ടായിട്ടും തൃശ്ശൂർ ജില്ലയിലെ പാറളം പി.എച്ച്.സി.യെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് തെരഞ്ഞെടുക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly